# 077/2024

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. താഴെ തന്നിട്ടുള്ളവയിൽ തെറ്റായ ജോടി കണ്ടെത്തുക :
   - (A) ശ്രീനാരായണ ഗുരുവിന്റെ ആദ്യ ശ്രീലങ്ക സന്ദർശനം നടന്ന വർഷം - 1918
   - (B) 'തത്വ പ്രകാശിത' സ്ഥാപിച്ചത് - വാഗ്ഭടാനന്ദൻ
   - (C) പ്രത്യക്ഷ ദൈവരക്ഷാ സഭ - പൊയ്കയിൽ യോഹന്നാൻ (ശ്രീകുമാരഗുരുദേവൻ)
   - (D) തിരുവിതാംകൂറിന്റെ ഝാൻസി റാണി എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് - എ വി കുട്ടി മാളു അമ്മ

2. താഴെ തന്നിരിക്കുന്നവയിൽ സ്വാമി ദയാനന്ദ സരസ്വതിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത്?
   - (A) ശുദ്ധി പ്രസ്ഥാനത്തിന്റെ സ്ഥാപകൻ സ്വാമി ദയാനന്ദ സരസ്വതി ആണ്
   - (B) 'ഇന്ത്യ ഇന്ത്യക്കാർക്ക്' എന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിയത് സ്വാമി ദയാനന്ദ സരസ്വതി ആയിരുന്നു.
   - (C) സ്വാമി ദയാനന്ദ സരസ്വതി 1874ൽ ആര്യ സമാജം സ്ഥാപിച്ചു.
   - (D) ദയാനന്ദ സരസ്വതിയുടെ ഒരു കൃതിയാണ് സത്യാർത്ഥ ഭൂമിക

3. നിസ്സഹകരണ പ്രസ്ഥാനത്തെ 'ഹിമാലയൻ മണ്ടത്തരം' എന്ന് വിശേഷിപ്പിച്ചത് ആര്?
   - (A) സുഭാഷ് ചന്ദ്ര ബോസ്
   - (B) മഹാത്മാഗാന്ധി
   - (C) മൗണ്ട് ബാറ്റൺ പ്രഭു
   - (D) ബി.ആർ. അംബേദ്കർ

4. ''തൊണ്ണൂറാം ആണ്ട് ലഹള''യുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏവ?
   - (i) അയ്യങ്കാളി ആയിരുന്നു ഈ സമരത്തിന് നേതൃത്വം നൽകിയത്
   - (ii) കൊല്ലവർഷം 1190 ലാണ് ഈ ലഹള നടന്നത്
   - (iii) പുലയ സമുദായത്തിലെ കുട്ടികളുടെ സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ടിരിക്കുന്നു
   - (iv) ശ്രീമൂലം തിരുനാളിന്റെ ഭരണകാലത്തായിരുന്നു ഈ പ്രക്ഷോഭണം ആരംഭിച്ചത്
   - (A) (i) & (ii) മാത്രം
   - (B) (i), (ii) & (iii) മാത്രം
   - (C) (i), (iii) & (iv) മാത്രം
   - (D) (i), (ii), (iii) & (iv) (എല്ലാം ശരിയാണ്)

5. താഴെ കൊടുത്തിരിക്കുന്ന അടിസ്ഥാന വിവരങ്ങളിൽ നിന്നും അവ സൂചിപ്പിക്കുന്ന വ്യക്തിയെ തിരിച്ചറിയുക :

(i) 1888 നവംബർ പതിനൊന്നാം തീയതി ജനിച്ചു

(ii) അടിയുറച്ച മതേതര ജനാധിപത്യ വിശ്വാസിയായിരുന്ന ഇദ്ദേഹം ഹിന്ദു മുസ്ലിം ഐക്യത്തിനായി പ്രവർത്തിച്ചു

(iii) സൗദി അറേബ്യയിൽ ജനിച്ച ഇദ്ദേഹത്തിന്റെ മാതാവ് അറബ് വംശജയായിരുന്നു

(iv) മരണാനന്തര ബഹുമതിയായി രാജ്യം ഭാരതരത്ന നൽകി ഇദ്ദേഹത്തെ ആദരിച്ചു

(A) മൗലാന അബുൽ കലാം ആസാദ്

(B) ഖാൻ അബ്ദുൽ ഗാഫർ ഖാൻ

(C) വക്കം അബ്ദുൽ ഖാദർ മൗലവി

(D) മുഹമ്മദ് അബ്ദുൽ റഹ്മാൻ

6. ലോകത്തിലെ ആദ്യ ഭൂപടം നിർമ്മിച്ച ഗ്രീക്ക് ചിന്തകൻ :

(A) ഇറാറ്റോസ്തനീസ്

(B) അനാക്സി മാൻഡർ

(C) എഡ്വിൻ ഹബിൾ

(D) നിക്കോളാസ് കോപ്പർ നിക്കസ്

7. ഇന്ത്യ ഒരു റിപ്പബ്ലിക് ആണ്; കാരണം :

(A) ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ രാജ്യമാണ്

(B) ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമാണ്

(C) ഇന്ത്യയുടെ രാഷ്ട്രത്തലവൻ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണ്

(D) ഇന്ത്യൻ ഭരണ വ്യവസ്ഥയിൽ പ്രധാനമന്ത്രിയാണ് യഥാർത്ഥ കാര്യനിർവഹണാധികാരി

8. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ തിരിച്ചറിയുക :

(i) ഡിജിറ്റൽ സിഗ്നലുകളെ അനലോഗ് സിഗ്നലുകളായും അനലോഗ് സിഗ്നലുകളെ ഡിജിറ്റൽ സിഗ്നലുകളായും മാറ്റാൻ കഴിവുള്ള ഉപകരണമാണ് മോഡം (Modem)

(ii) Wi-Fi എന്നതിന്റെ പൂർണ്ണരൂപം 'വയർലെസ് ഫിഡോനെറ്റ്' (Wireless Fidonet) എന്നാണ്

(iii) മോഡുലേറ്റർ (Modulator) എന്നതിന്റെ ചുരുക്ക രൂപമാണ് മോഡം (Modem)

(iv) ലാറ്റക്സ് (Latex) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത് ലിസ്ലി ലാംപോർട്ട് ആണ്

(A) (i), (iv)

(B) (i), (ii), (iii)

(C) (i), (ii), (iv)

(D) (i), (iii)

9. 1974 ൽ ഇന്ത്യയുമായി 'കച്ചത്തീവ്' (Katchatheevu) ഉടമ്പടി ഒപ്പുവെച്ച ശ്രീലങ്കൻ പ്രധാനമന്ത്രി :

(A) സിരിമാവോ ഭണ്ഡാരനായകെ

(B) ജൂനിയസ് റിച്ചാർഡ് ജയവർധനെ

(C) രണസിംഗേ പ്രേമദാസ

(D) ഇവരാരുമല്ല

10. 'മിഷൻ ദിവ്യാസ്ത്ര' ഇന്ത്യയുടെ ഏത് മിസൈൽ സംവിധാനവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?

(A) ആകാശ്

(B) ബ്രഹ്മോസ്

(C) അഗ്നി-V

(D) അസ്ത്ര

11. 2024-ലെ 'ഗോൾഡ്മാൻ പരിസ്ഥിതി പുരസ്കാരം' നേടിയ ഇന്ത്യക്കാരൻ :

(A) അലോക് ശുക്ല

(B) മേധാ പട്കർ

(C) ഡോ.എം.എസ്. സ്വാമിനാഥൻ

(D) മാരിമുത്തു യോഗനാഥൻ

12. ഏത് മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് 2023ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം നർഗീസ് മൊഹമ്മദിക്കു ലഭിച്ചത്?

(A) അഭയാർത്ഥികളുടെ മനുഷ്യാവകാശങ്ങൾ

(B) കുട്ടികൾക്കെതിരായ യുദ്ധ കുറ്റകൃത്യങ്ങൾ തടയൽ

(C) പാലസ്തീൻ ജനതയുടെ അവകാശത്തിനായുള്ള പോരാട്ടങ്ങൾക്ക്

(D) വനിതകളുടെ അവകാശ സംരക്ഷണങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്ക്

13. 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ (NEP 2020) പ്രതിപാദിക്കുന്ന "CMP" എന്നതിന്റെ പൂർണരൂപം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) Career Management and Principles

(B) Curricular Mechanism Processes

(C) Critical Measures in Planning Education

(D) ഇവയൊന്നുമല്ല

14. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗമാണ് 'ശൈശവ പരിചരണവും വിദ്യാഭ്യാസവും' (Early childhood care and education) സംബന്ധിച്ച് പ്രതിപാദിക്കുന്നത്?

(A) ഭാഗം IV-A (മൗലിക കടമകൾ)

(B) ഭാഗം III (മൗലികാവകാശങ്ങൾ)

(C) ഭാഗം IV (നിർദ്ദേശക തത്വങ്ങൾ)

(D) ഇവയെല്ലാം (All of these)

15. ഭൂമിയിൽ 90 കിലോഗ്രാം ഭാരമുള്ള ഒരു വ്യക്തിയുടെ ചന്ദ്രനിലെ ഭാരം എത്രയായിരിക്കും?

(A) 90 കിലോഗ്രാം (B) 45 കിലോഗ്രാം

(C) 30 കിലോഗ്രാം (D) 15 കിലോഗ്രാം

16. വ്യത്യസ്തതരം ചിന്തകളെ പ്രതിഫലിപ്പിക്കുന്നത് :

(A) പ്രതിഫലനാത്മകചിന്തനം

(B) ബോധനോദ്ദേശ്യങ്ങളുടെ വർഗ്ഗീകരണം

(C) പഠനശ്രേണീകരണം

(D) പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം

17. സമയക്രമീകരണത്തിന് പ്രാധാന്യം നൽകുന്ന പഠനതന്ത്രം :

(A) വൈകാരികതന്ത്രം (B) ധാരണാതന്ത്രം

(C) ബൗദ്ധികതന്ത്രം (D) സ്മരണതന്ത്രം

18. ശ്രദ്ധ നിലനിർത്താൻ ബോധപൂർവ്വം വരുത്തുന്ന പരിവർത്തനങ്ങൾ :

(A) പഠനക്രമീകരണങ്ങൾ (B) പഠനശൈലികൾ

(C) ചോദകവ്യതിയാനങ്ങൾ (D) സ്പഷ്ടീകരണങ്ങൾ

19. ജ്ഞാനഗോചരത വർദ്ധിപ്പിക്കാൻ സഹായിക്കുന്നത് :

(A) പ്രൊജക്ട് (B) പോർട്ട്ഫോളിയോ

(C) നിയോഗാഭ്യാസം (D) ജേണൽ

20. സാഹചര്യങ്ങൾക്കനുസരിച്ച് അറിവിനെ പൊരുത്തപ്പെടുത്തുന്നു. ഇത് :

(A) സംസ്ഥാപനം
(B) സ്വാംശീകരണം
(C) സാമൂഹ്യപ്രേക്ഷണം
(D) സന്തുലനം

21. താഴെപ്പറയുന്നവയിൽ രാമചരിതത്തെക്കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത്?

(A) ആകെ 1826 പാട്ടുകൾ, 164 പടലങ്ങൾ
(B) ആകെ 1914 പാട്ടുകൾ, 166 പടലങ്ങൾ
(C) ആകെ 1814 പാട്ടുകൾ, 164 പടലങ്ങൾ
(D) ആകെ 1825 പാട്ടുകൾ, 165 പടലങ്ങൾ

22. ''വാനമാം കഴനിതന്നിൽ വൻതെന്നൽക്കരുവി പൂട്ടി-
ഊനമിൽ മേകമെന്നും ഉണ്മചേർ കരിടു നീക്കി
താനെഴിലന്തിയെന്നും തകും പുകെഴുഴവെൻ വെന്തു-
മീനെന്നും വിത്തുകോരി വിതയ്ക്കുന്ന പരിചെപ്പാരീർ''
ഈ വരികൾ ഏതു കൃതിയിലേതാണ്?

(A) ഉണ്ണിച്ചിരുതേവീചരിതം
(B) ഭാരതമാല
(C) അനന്തപുരവർണനം
(D) തിരുനിഴൽമാല

23. താഴെപ്പറയുന്ന ചമ്പൂഗണങ്ങളിൽ വ്യത്യസ്തമായ ഗണം കണ്ടെത്തി എഴുതുക :

(A) രാമായണം ചമ്പു, നൈഷധം ചമ്പു, കംസവധം ചമ്പു, സ്യമന്തകം ചമ്പു
(B) രാമായണം ചമ്പു, ഭാരതം ചമ്പു, രാജരത്നാവലീയം ചമ്പു, ഭക്ഷയാഗം ചമ്പു
(C) രാമായണം ചമ്പു, ഭാരതം ചമ്പു, നൈഷധംചമ്പു, കല്യാണസൗഗന്ധികം ചമ്പു
(D) രാമായണം ചമ്പു, നൈഷധം ചമ്പു, ത്രിപുരദഹവം ചമ്പു, പൂതനാമോക്ഷം ചമ്പു

24. (i) ''കാളിന്ദീതീരത്തെ കാനനകുഞ്ജങ്ങൾ
കാണുമ്പോ ളിന്നുമെൻ കൺ നിറയും''-
(ii) ''കാളിന്ദീതീരത്തെ കാവുകൾ കാണുമ്പോൾ
ഓളം തുളുമ്പുന്ന വേദനകൾ'' -
ഈ രണ്ടു കാവ്യ ഭാഗങ്ങളുടെ രചയിതാക്കൾ ആരെല്ലാം?

(A) (i) ചങ്ങമ്പുഴ (ii) ചെറുശ്ശേരി
(B) (i) ചെറുശ്ശേരി (ii) വള്ളത്തോൾ
(C) (i) ചങ്ങമ്പുഴ (ii) ചങ്ങമ്പുഴ
(D) (i) ചെറുശ്ശേരി (ii) ചങ്ങമ്പുഴ

25. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ഷേക്സ്പിയർ നാടകങ്ങൾ ഏതെല്ലാം?

(A) മാക്ബത്ത്, ഒഥല്ലോ

(B) ടെംപസ്റ്റ്, ഒഥല്ലോ

(C) മർച്ചന്റ് ഓഫ് വെനീസ്, മാക്ബത്ത്

(D) ഹാംലറ്റ്, ഒഥല്ലോ

26. ''നമസ്തേ ഗതതർഷ! നമസ്തേ ദുരാധർഷ!
നമസ്തേ സുമഹാത്മൻ! നമസ്തേ ജഗദ്ഗുരോ''
ഈ വരികൾ ആര് ആരെക്കുറിച്ച് എഴുതിയതാണ്?

(A) മഹാകവി കുമാരനാശാൻ ശ്രീനാരായണ ഗുരുവിനെക്കുറിച്ച്

(B) ഉള്ളൂർ ശങ്കരാചാര്യരെക്കുറിച്ച്

(C) വള്ളത്തോൾ മഹാത്മാഗാന്ധിയെക്കുറിച്ച്

(D) എൻ.വി. കൃഷ്ണവാര്യർ മഹാത്മാഗാന്ധിയെക്കുറിച്ച്

27. 'കാവ്യകല അഥവാ ഏഴാം ഇന്ദ്രിയം' എന്ന കവിതയെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് തെരഞ്ഞെടുത്തെഴുതുക :

(A) കുമാരനാശാൻ രചിച്ചു. പുഷ്പവാടി സമാഹാരത്തിലുൾപ്പെടുന്നു

(B) വള്ളത്തോൾ രചിച്ചു. സാഹിത്യമഞ്ജരി മൂന്നാം ഭാഗത്തിലുൾപ്പെടുന്നു

(C) കുമാരനാശാൻ രചിച്ചു. മണിമാല സമാഹാരത്തിലുൾപ്പെടുന്നു

(D) കുമാരനാശാൻ രചിച്ചു. വനമാല സമാഹാരത്തിലുൾപ്പെടുന്നു

28. ''അത് എല്ലുറപ്പുള്ള കവിതയാണ്. മാംസളത്വവും ദുർമ്മേദസും അതിൽ തരിമ്പുമില്ല. ക്ഷോദക്ഷമമായ കവിത എന്ന് അതിനെ വിളിക്കാം. ആ കവിത മുഗ്ദ്ധഹാസം പൊഴിക്കുമ്പോഴും കരൾ തകർന്നു കേഴുമ്പോഴും ആ ശക്തി കൈമോശം വരാറില്ല'' - വൈലോപ്പിള്ളിക്കവിതയെക്കുറിച്ച് ഈ വിലയിരുത്തൽ നടത്തിയതാരാണ്? സന്ദർഭമേത്?

(A) എം.എൻ. വിജയൻ - ഓണപ്പാട്ടുകാരുടെ അവതാരിക

(B) എം. ലീലാവതി - വിടയുടെ അവതാരിക

(C) കുട്ടിക്കൃഷ്ണമാരാർ - കന്നിക്കൊയ്ത്തിന്റെ അവതാരിക

(D) പി.എ. വാരിയർ - കടൽക്കാക്കകളുടെ അവതാരിക

29. ''നമ്മളൊന്നിച്ചുദിച്ചസ്തമിക്കുമീ -
മന്നിടത്തിന്നനിശ്ചിത വിധിയിൽ
അല്പനാളുകൾ ജീവിക്കിലു, മൊരേ-
തല്പമല്ലീ, കുടീരകൂടാരങ്ങൾ'' - കവിയാര്? കവിതയേത്?

(A) എൻ.എൻ. കക്കാട് - പാതാളത്തിന്റെ മുഴക്കം
(B) അയ്യപ്പപ്പണിക്കർ - കുരുക്ഷേത്രം
(C) സച്ചിദാനന്ദൻ - ബലിമുഹൂർത്തം
(D) അക്കിത്തം - ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം

30. താഴെപ്പറയുന്നവയിൽ ദേശമംഗലം രാമകൃഷ്ണന്റെ കാവ്യസമാഹാരങ്ങൾ മാത്രം ഉൾപ്പെടുന്ന ഗണം ഏതാണ്?

(A) അഷ്ടാവക്രന്റെ വീണ്ടുവിചാരങ്ങൾ, താതരാമായണം, വിചാരിച്ചതല്ല
(B) ചിതൽ വരും കാലം, സൂര്യഗർഭം, മറവി എഴുതുന്നത്
(C) കൃഷ്ണപക്ഷം, അളകനന്ദ, വിട്ടുപോയ വാക്കുകൾ
(D) ബലിക്കുറിപ്പുകൾ, കരോൾ, ബധിരനാഥന്മാർ

31. താഴെപ്പറയുന്നവയിൽ ധർമ്മരാജ നോവലിന് ചേരാത്ത ഗണം കണ്ടെത്തി എഴുതുക :

(A) ഉഗ്രഹരിപഞ്ചാനൻ, ശാന്തഹരിപഞ്ചാനൻ, ചന്ത്രക്കാറൻ, സുന്ദരയ്യൻ
(B) ഉഗ്രഹരിപഞ്ചാനൻ, ചന്ത്രക്കാറൻ, ഉമ്മിണിപ്പിള്ള, കുപ്പശ്ശാര്
(C) ഭൈരവൻ, ശാന്തഹരിപഞ്ചാനൻ, മാമാവെങ്കിടൻ, സാംബദീക്ഷിതർ
(D) ത്രിപുരസുന്ദരിക്കുഞ്ഞമ്മ, കൊച്ചമ്മിണി, ദളവനുമ്പ്യയ്യൻ, മീനാക്ഷി

32. ''അങ്ങനെ വളർന്ന അമരവള്ളിയാണ്. സങ്കടങ്ങൾക്കു മേൽ അതു പടർന്നു. ഇപ്പോൾ അതിന്മേൽ പൂക്കാലം - വെള്ളയും വയലറ്റും നിറമുള്ള പൂക്കൾ'' - ഏതു നോവലാണ് ഇങ്ങനെ ആരംഭിക്കുന്നത്?

(A) ലന്തൻബത്തേരിയിലെ ലുത്തീനിയകൾ
(B) ആലാഹയുടെ പെൺമക്കൾ
(C) ഒതപ്പ്
(D) മാറ്റാത്തി

33. ''ഇദാണു പാക്യമർഗ്!'' - ബഷീറിന്റെ ഏതു നോവലിന്റെ ഒന്നാമദ്ധ്യാത്തിനാണ് ഇങ്ങനെ പേര് നൽകിയിരിക്കുന്നത്?

(A) ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്
(B) ബാല്യകാലസഖി
(C) മുച്ചീട്ടുകളിക്കാരന്റെ മകൾ
(D) ശബ്ദങ്ങൾ

34. എം.ടി.യുടെ നാലുനോവലുകൾ പ്രസിദ്ധീകരിച്ച വർഷം അടിസ്ഥാനമാക്കി പട്ടികപ്പെടുത്തിയിരിക്കുന്നു. ആദ്യം പ്രസിദ്ധീകരിച്ച ക്രമത്തിൽ ശരിയായ പട്ടിക കണ്ടെത്തുക :

(A) കാലം, അസുരവിത്ത്, നാലുകെട്ട്, മഞ്ഞ്
(B) മഞ്ഞ്, കാലം, അസുരവിത്ത്, നാലുകെട്ട്
(C) നാലുകെട്ട്, കാലം, മഞ്ഞ്, അസുരവിത്ത്
(D) നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, കാലം

35. ആനന്ദിന്റെ ശരിയായ പേര് എന്താണ്?

(A) കെ. സച്ചിദാനന്ദൻ
(B) വി. സച്ചിദാനന്ദൻ
(C) ടി. സച്ചിദാനന്ദൻ
(D) ആർ. സച്ചിദാനന്ദൻ

36. രാജമല്ലി, കനകാംബരം, ചന്ദ്രകാന്തം, പത്മരാഗം എന്നീ ചെറുകഥാ സമാഹാരങ്ങളുടെ കർത്താവാര്?

(A) കേശവദേവ്
(B) പൊൻകുന്നം വർക്കി
(C) തകഴി ശിവശങ്കരപ്പിള്ള
(D) എസ്.കെ. പൊറ്റെക്കാട്

37. ''വധു, കുമാരി രമ,
വരൻ?
വരന്റെ പേര് ഓർമനിൽക്കുന്നില്ല'' - കോവിലന്റെ ഏതു കഥയാണ് ഇങ്ങനെ ആരംഭിക്കുന്നത്?

(A) കുചേലവൃത്തം
(B) മകൻ
(C) ശംഖ്
(D) ഒരു കഷണം അസ്ഥി

38. വംശാവലി, ചരിഞ്ഞ സുഷിരങ്ങൾ, പാതാളം, അഭിനയ മുഹൂർത്തങ്ങൾ എന്നീ കഥകൾ ഉൾപ്പെടുന്ന സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥാസമാഹാരം ഏതാണ്?

(A) കൊമാല
(B) നരനായും പറവയായും
(C) ഒരു ചിത്രകഥയിലെ നായാട്ടുകാർ
(D) കഥാപാത്രങ്ങളും പങ്കെടുത്തവരും

39. നിരാശാഭരിതനായ സുഹൃത്തിന് ഒരു കത്ത് - ആരുടെ കഥാസമാഹാരമാണ്?

(A) പട്ടത്തുവിള കരുണാകരൻ
(B) യു.പി. ജയരാജ്
(C) എം. സുകുമാരൻ
(D) ജോൺ എബ്രഹാം

40. ആർക്കറിയാം എന്ന കഥയുടെ കർത്താവാര്?

(A) എം.ടി. വാസുദേവൻ നായർ
(B) സക്കറിയ
(C) ആനന്ദ്
(D) ടി. പത്മനാഭൻ

41. കേരളഭാഷാപ്രണയികൾ എന്ന പേരിൽ മലയാളത്തിൽ രചിച്ചിട്ടുള്ള എട്ട് ജീവചരിത്രകൃതികളിൽ കുഞ്ഞിക്കുട്ടൻ തമ്പുരാനെപ്പറ്റിയുള്ള ജീവചരിത്രം തയ്യാറാക്കിയതാരാണ്?

(A) ഏ.ഡി. ഹരിശർമ്മ
(B) മൂർക്കോത്ത് കുമാരൻ
(C) കുന്നത്ത് ജനാർദ്ദനമേനോൻ
(D) കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ്

42. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | ഓർമ്മകളുടെ ഓളങ്ങൾ | (1) | വൈക്കം മുഹമ്മദ് ബഷീർ |
| (b) | ഓർമ്മകളുടെ വിരുന്ന് | (2) | ജി. ശങ്കരക്കുറുപ്പ് |
| (c) | ഓർമ്മയുടെ അറകൾ | (3) | എസ്.കെ. പൊറ്റെക്കാട്ട് |
| (d) | ഓർമ്മയുടെ തീരങ്ങളിൽ | (4) | വി.കെ. മാധവൻ കുട്ടി |
| | | (5) | തകഴി ശിവശങ്കരപ്പിള്ള |

(A) (a) – (5), (b) – (3), (c) – (2), (d) – (4)
(B) (a) – (2), (b) – (4), (c) – (1), (d) – (5)
(C) (a) – (2), (b) – (3), (c) – (4), (d) – (1)
(D) (a) – (2), (b) – (3), (c) – (1), (d) – (4)

43. രണ്ടാം ലോകമഹായുദ്ധകാലത്ത് റംഗൂണിൽ നിന്ന് ഇന്ത്യയിലെത്തിച്ചേരാൻ പി.കെ. രാജരാജവർമ്മ നടത്തിയ സാഹസികയാത്രയുടെ വിവരണമാണ് ഈ കൃതി. കൃതി ഏത്?

(A) ആപത്കരമായ ഒരു യാത്ര

(B) നാടോടിക്കപ്പലിൽ നാലുമാസം

(C) ഭൂപ്രദക്ഷിണവൃത്താന്തം

(D) വിജയകരമായ പിൻമാറ്റം

44. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | ഇന്ത്യൻ റെയിൻബോ | (1) | സുധാമേനോൻ |
| (b) | ജിഗ്സോ പസിൽ | (2) | ഗീതാഞ്ജലി കൃഷ്ണൻ |
| (c) | ചരിത്രം അദൃശ്യമാക്കിയ മുറിവുകൾ | (3) | സോണിയ ചെറിയാൻ |
| (d) | പെൺയാത്രകൾ | (4) | കവിത ബാലകൃഷ്ണൻ |
| | | (5) | മിത്ര സതീഷ് |

(A) (a) – (3), (b) – (4), (c) – (1), (d) – (2)

(B) (a) – (2), (b) – (4), (c) – (1), (d) – (5)

(C) (a) – (3), (b) – (5), (c) – (4), (d) – (1)

(D) (a) – (2), (b) – (3), (c) – (1), (d) – (4)

45. താഴെപ്പറയുന്നവയിൽ മലയാളത്തിലെ പ്രഥമ ശാസ്ത്രസാഹിത്യമാസിക എന്നറിയപ്പെടുന്നത് ഏതാണ്?

(A) രസതന്ത്രം

(B) വിജ്ഞാനമഞ്ജരി

(C) ധന്വന്തരി

(D) ധനതത്വനിരൂപണം

46. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | കേരളത്തിലെ പക്ഷികൾ | (1) | എസ്. പരമേശ്വരൻ |
| (b) | പ്രാണിലോകം | (2) | പി.വി. പദ്മനാഭൻ |
| (c) | കേരളത്തിലെ പക്ഷിക്കൂടുകൾ | (3) | ഇന്ദുചൂഡൻ |
| (d) | ജീവന്റെ ഉദ്ഭവം | (4) | ഡോ. കെ. ഭാസ്കരൻ നായർ |
| | | (5) | പി.ടി. ഭാസ്കരപ്പണിക്കർ |

(A) (a) – (3), (b) – (4), (c) – (1), (d) – (2)
(B) (a) – (2), (b) – (4), (c) – (1), (d) – (5)
(C) (a) – (5), (b) – (3), (c) – (4), (d) – (1)
(D) (a) – (3), (b) – (4), (c) – (2), (d) – (5)

47. ആധുനികശാസ്ത്രമുറകൾ പ്രകാരം പ്രകൃതിനിരീക്ഷണം നടത്തി വൃക്ഷലതാദികളുടെയും മറ്റ് സസ്യജാലങ്ങളുടെയും പട്ടിക തയ്യാറാക്കി വർഗീകരിക്കുകയും ചിത്രീകരിക്കുകയും ചെയ്ത, കേരളാരാമം എന്നു കൂടി പേരുള്ള കൃതി ഏതാണ്?

(A) ഹോർത്തൂസ് മലബാറിക്കസ്
(B) സസ്യപ്രപഞ്ചം
(C) വിജ്ഞാനദീപിക
(D) യോഗാമൃതം

48. 1949 ൽ മഹാകവി ഉള്ളൂരിന്റെ അവതാരികയോടു കൂടി പ്രസിദ്ധീകരിക്കപ്പെട്ട ഒരു ജീവചരിത്രഗ്രന്ഥമാണ് സാഹിത്യകുശലൻ ശേഷഗിരിപ്രഭു. ഇതെഴുതിയതാരാണ്?

(A) തുറവൂർ മാധവപൈ
(B) കെ.കെ. പണിക്കർ
(C) കെ.എം. ഡാനിയൽ
(D) കെ.എം. ജോർജ്

49. തനത് മലയാളലിപി കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നതിന്റെ തുടക്കമായി രചന എന്ന ലിപിവ്യവസ്ഥയിൽ തയ്യാറാക്കിയ തുമ്പപ്പൂ മുതൽ സൂര്യൻ വരെ എന്ന കൃതിയുടെ കർത്താവ് ആര്?

(A) ടി.പി. വിനോദ്
(B) കെ.എച്ച്. ഹുസൈൻ
(C) നിത്യചൈതന്യയതി
(D) സജീവൻ എടത്താടൻ

50. ‘ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോദ്ധത’ എന്ന ഉപനിഷത് വാക്യത്തോടൊപ്പം ‘ഉദ്യമം കൊണ്ട് സിദ്ധിക്കും വിദ്യാ മാനധനാദികൾ’ എന്ന സൂക്തവും മുഖമുദ്രയാക്കിയ മലയാളത്തിലെ ആദ്യകാല പ്രസിദ്ധീകരണം ഏതായിരുന്നു?

(A) മംഗളോദയം
(B) വിവേകോദയം
(C) ഭാഷാകൗമുദി
(D) രസികരഞ്ജിനി

51. ഒരു ശബ്ദം അതിന്റെ സാങ്കേതികവും പ്രാഥമികവും ആയ അർത്ഥത്തെ പ്രകാശിപ്പിക്കുന്ന വ്യാപാരമാണ് :

(A) ലക്ഷണ
(B) യോഗരൂഢി
(C) വ്യഞ്ജന
(D) അഭിധ

52. തമിഴിലെ പ്രശസ്ത ഗ്രന്ഥമായ തൊൽകാപ്പിയത്തിലെ തൊൽ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

(A) കാവ്യം
(B) സാഹിത്യം
(C) പ്രാചീനം
(D) നവീനം

53. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | കാവ്യനിരാസവാദം | (1) | ടി.എസ്. എലിയറ്റ് |
| (b) | കഥാർസിസ് | (2) | പ്ലാറ്റോ |
| (c) | ഗ്രാമീണമായ കാവ്യഭാഷ | (3) | അരിസ്റ്റോട്ടിൽ |
| (d) | അവൈയക്തികതാവാദം | (4) | വേഡ്സ്വർത്ത് |
| | | (5) | സോക്രട്ടീസ് |

(A) (a) – (3), (b) – (4), (c) – (1), (d) – (2)
(B) (a) – (2), (b) – (3), (c) – (4), (d) – (1)
(C) (a) – (2), (b) – (3), (c) – (4), (d) – (5)
(D) (a) – (3), (b) – (4), (c) – (2), (d) – (5)

54. ഹെജിമണി (Hegemony) എന്ന സംജ്ഞ മുന്നോട്ട് വെച്ച മാർക്സിസ്റ്റ് സൈദ്ധാന്തികൻ ആര്?

(A) അന്റോണിയോ ഗ്രാംഷി
(B) കാൾ മാർക്സ്
(C) പ്ലഖാനോവ്
(D) അൽത്തൂസർ

55. കുമാരനാശാന്റെ കൃതിയായ നളിനിയെ പറ്റി 'നളിനി കട്ടതടഞ്ഞിട്ട് നടക്കാൻ വയ്യാത്ത വയലാണ്' എന്നഭിപ്രായപ്പെട്ടത് ആര്?

(A) വള്ളത്തോൾ
(B) കുട്ടികൃഷ്ണമാരാർ
(C) എ.ആർ. രാജരാജവർമ്മ
(D) ഉള്ളൂർ

56. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | കാവ്യപീഠിക | (1) | കേസരി ബാലകൃഷ്ണപ്പിള്ള |
| (b) | സൗന്ദര്യനിരീക്ഷണം | (2) | കുട്ടികൃഷ്ണമാരാർ |
| (c) | സാഹിത്യഭൂഷണം | (3) | എം.പി. പോൾ |
| (d) | രൂപമഞ്ജരി | (4) | കുറ്റിപ്പുഴ കൃഷ്ണപിള്ള |
| | | (5) | മുണ്ടശ്ശേരി |

(A) (a) – (3), (b) – (4), (c) – (1), (d) – (2)
(B) (a) – (2), (b) – (3), (c) – (4), (d) – (1)
(C) (a) – (5), (b) – (3), (c) – (2), (d) – (1)
(D) (a) – (3), (b) – (4), (c) – (2), (d) – (5)

57. 1. 1930 ൽ പോൾ എഴുതിയ നോവൽ വിമർശനം ലോകസാഹിത്യത്തിൽ വരെ പരിഗണനീയമായ ഒരു പഠനഗ്രന്ഥമാണെന്ന് അത്യുക്തിസ്പർശമില്ലാതെ പറയാവുന്നതാണ്.

2. ബർണാഡ്ഷാവിന്റെ ബുദ്ധിയും മല്ലീനാഥന്റെ ഹൃദയവും അവ്യാഖ്യേയമായ ഏതോ രാസപാകത്തിൽ തന്നിൽ ഉൾചേർത്തു സ്വാംശീകരിച്ച കുട്ടികൃഷ്ണമാരാർ പൂർവ്വാഹ്നത്തിലെ വെയിൽ പോലെ മലയാളസാഹിത്യത്തിൽ എന്നും വളർന്നുകൊണ്ടിരിക്കുന്ന ശക്തിയായിരിക്കും.

ആരുടെ പ്രസ്താവനകളാണിത്?

(A) പന്മന രാമചന്ദ്രൻ നായർ
(B) എം. തോമസ് മാത്യു
(C) കേസരി എ. ബാലകൃഷ്ണപിള്ള
(D) സുകുമാർ അഴീക്കോട്

58. സ്ത്രീരചനകളെ വിശകലനം ചെയ്യുന്നതിനുള്ള, സ്ത്രീപക്ഷരീതി എന്ന് വിളിക്കാവുന്ന നിരൂപണരീതിക്ക് പറഞ്ഞു വരുന്ന പേര് :

(A) ഇക്കോ ഫെമിനിസം
(B) ഗൈനോ ക്രിട്ടിസിസം
(C) എസൻഷ്യലിസ്റ്റ് ഫെമിനിസം
(D) ഫാലോ സെൻട്രിസിസം

59. ''ബ്രാഹ്മണ ജ്ഞാനവ്യവസ്ഥയെ മുഴുവൻ അപര (other) മായി തിരിച്ചറിയുന്നതാണത്. അതിനാൽ കൃത്യമായ സ്വയം നിർവ്വചനത്തിന് ഇത് കൃതിയെ പ്രാപ്തമാക്കുന്നു. ദുരവസ്ഥയിൽ ആശാൻ പോലും സാവിത്രിയുടെ ദുരവസ്ഥയായാണ് കൃതിയെ മുഴുവൻ വിഭാവനം ചെയ്തതെന്നാലോചിക്കുമ്പോഴാണ് ........... ന്റെ പ്രത്യയശാസ്ത്രദാർഢ്യം ബോധ്യപ്പെടുക'' പ്രദീപൻ പാമ്പിരിക്കുന്ന് ഏത് കൃതിയെപ്പറ്റിയാണ് ഇങ്ങനെ പറയുന്നത്?

(A) മീനാക്ഷി
(B) പുല്ലേലിക്കുഞ്ചു
(C) സരസ്വതീവിജയം
(D) ഘാതകവധം

60. ഇരുത്തൽ (നായികയുടെ കാത്തിരിപ്പ്) എന്ന ഉരിപ്പൊരുൾ ഏത് തിണയുമായി ബന്ധപ്പെടുന്നതാണ്?

(A) കൈക്കിളൈ
(B) മുല്ലൈ
(C) മരുതം
(D) പെരുന്തിണൈ

61. ഭാഷണത്തിലെ ഏറ്റവും ചെറിയ ഘടകമേത്?

(A) രൂപിമം
(B) സ്വനിമം
(C) വർണ്ണം
(D) വാക്യം

62. മഴൈ → മഴ. ഇവിടെ പ്രവർത്തിച്ച നയമേത്?

(A) അനുനാസികാതിപ്രസരം
(B) ഖിലോപസംഗ്രഹം
(C) സ്വരസംവരണം
(D) പുരുഷഭേദനിരാസം

63. 'വ്യാകരണമിത്രം' എന്ന കൃതി രചിച്ചതാര്?

(A) എ.ആർ. രാജരാജവർമ്മ
(B) സി.എൽ. ആന്റണി
(C) കെ.എം. പ്രഭാകരവാര്യർ
(D) ശേഷഗിരിപ്രഭു

64. മാനസ്വരത്തിന്റെ ഉപജ്ഞാതാവാര്?

(A) ഡാനിയേൽ ജോൺസൺ
(B) സൊസ്യൂർ
(C) നോം ചോംസ്കി
(D) അർണോസ് പാതിരി

65. രാമചരിതത്തിനെന്നപോലെ പാട്ടിന്റെ ലക്ഷണം പൂർണ്ണമായി യോജിക്കുന്ന കാവ്യമേത്?

(A) രാമകഥപ്പാട്ട്
(B) കണ്ണശ്ശരാമായണം
(C) തിരുനിഴൽമാല
(D) ചന്ദ്രോത്സവം

66. താഴെ കൊടുത്തിരിക്കുന്നവയിൽ ദന്ത്യാക്ഷരമല്ലാത്തതേത്?

(A) ത
(B) ദ
(C) ജ
(D) സ

67. ദ്യോതകത്തിന് ഉദാഹരണമെഴുതുക :

(A) മരം
(B) കൊണ്ട്
(C) പോകുക
(D) നിന്റെ

68. ഉച്ചാരണത്തിൽ പങ്കെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചലകരണമേതാണ്?

(A) ദന്തം
(B) ശ്വാസനാളം
(C) കീഴ്ച്ചുണ്ട്
(D) നാവ്

69. താലവ്യമായും ഓഷ്ഠ്യമായും ഉച്ചരിക്കാറുള്ള മലയാളത്തിലെ സ്വനിമമേത്?

(A) അ
(B) ത
(C) ഒ
(D) വ

70. ദ്രാവിഡഭാഷകളെപ്പറ്റി ആദ്യമായി ഒരു ഗവേഷണലേഖനമെഴുതുകയും മലയാളം ചെന്തമിഴിന്റെ ശാഖയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്ത ഭാഷാഗവേഷകൻ ആര്?

(A) കാൽഡ്വൽ
(B) എഫ്.ഡബ്ല്യൂ. എല്ലീസ്
(C) എ.ആർ. രാജരാജവർമ്മ
(D) എൽ.വി. രാമസ്വാമി അയ്യർ

71. പൂർണ്ണമായ രൂപത്തിൽ അച്ചടിക്കപ്പെട്ട പ്രഥമമലയാളകൃതി ഏത്?

(A) വർത്തമാനപ്പുസ്തകം
(B) ഊർശ്ലേം യാത്രാവിവരണം
(C) സംക്ഷേപവേദാർത്ഥം
(D) വേദതർക്കം

72. ദൂരദർശന്റെ അടിസ്ഥാന മുദ്രാവാക്യമേത്?

(A) സത്യം ശിവം സുന്ദരം
(B) സത്യമേവ ജയതേ
(C) ജയ് ഹിന്ദ്
(D) ബഹുജന ഹിതായ ബഹുജന സുഖായ

73. ‘വൃത്താന്തപത്രപ്രവർത്തനം’ എന്ന കൃതി രചിച്ചതാര്?

(A) വക്കം അബ്ദുൾ ഖാദർ മൗലവി
(B) കേസരി എ. ബാലകൃഷ്ണപിള്ള
(C) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(D) കെ.പി. കേശവമേനോൻ

74. മാധ്യമം തന്നെയാണ് സന്ദേശം എന്ന സിദ്ധാന്തം രൂപപ്പെടുത്തിയ ചിന്തകനാര്?

(A) ഫെഡറിക് ജെയിംസൺ
(B) മാർഷൽ മക് ലൂഹൻ
(C) സുക്കർബർഗ്
(D) സ്റ്റീവ് ജോബ്സ്

75. നവമാധ്യമങ്ങളെ ജനാധിപത്യത്തിലെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന് വിശേഷിപ്പിച്ചതാര്?

(A) വില്യം എച്ച് ഡാട്ടൻ
(B) മൈക്കിൾ വിൽസൺ
(C) റൂപർട്ട് മർഡോക്
(D) വില്യം ഗിബ്സൺ

76. മലയാളത്തിലെ ആദ്യത്തെ ഉപഗ്രഹ ടി.വി. ചാനൽ ഏത്?

(A) ഇൻഡ്യവിഷൻ
(B) ഏഷ്യാനെറ്റ്
(C) സൂര്യ
(D) കൈരളി

77. മലയാളത്തിലെ ആദ്യത്തെ കലാലയ മാസിക ഏത്?

(A) വിദ്യാവിനോദിനി
(B) വിദ്യാസംഗ്രഹം
(C) രസികരഞ്ജിനി
(D) വിദ്യാവിലാസിനി

78. റേഡിയോ കണ്ടുപിടിച്ചതാര്?

(A) ചാൾസ് ബാബേജ്
(B) ജെയിംസ് ക്ലാർക്ക് മാക്സ്വെൽ
(C) ജെ.സി. ബോസ്
(D) ഗുഗ്ലിമോ മാർക്കോണി

79. ഇന്ത്യയിൽ ടെലിവിഷൻ സംപ്രേഷണം ആരംഭിച്ചതെന്ന്?

(A) 1959 സെപ്തം. 1
(B) 1985 ജനു. 1
(C) 1982 ഓഗസ്റ്റ് 15
(D) 1983 ഡിസം. 1

80. തിരുവനന്തപുരത്ത് ഉത്രം തിരുനാളിന്റെ സഹായത്തോടെ ഈശ്വരപിള്ള വിചാരിപ്പുകാർ ആരംഭിച്ച മുദ്രാലയം ഏത്?

(A) വിദ്യാവിലാസം
(B) കേരളചരിത്രം
(C) കേരളോദയം
(D) വിദ്യാരത്നപ്രഭ

81. താഴെക്കൊടുക്കുന്ന ആട്ടക്കഥകളിൽ കോട്ടയംകൃതികളിൽ ഉൾപ്പെടാത്തത് ഏത്?

(A) കല്യാണസൗഗന്ധികം
(B) കിർമ്മീരവധം
(C) നിവാതകവചകാലകേയവധം
(D) രാജസൂയം

82. ഗണപതി, പടിവട്ടം, കലാശം, മുന്നരങ്ങ് എന്നീ ചടങ്ങുകൾ ഏതു കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) കഥകളി
(B) തുള്ളൽ
(C) കൂത്ത്
(D) കൂടിയാട്ടം

83. കേരളത്തിലെ രണ്ടാമത്തെ നിശ്ശബ്ദചലച്ചിത്രം ഏതാണ്?

(A) വിഗതകുമാരൻ (B) ജ്ഞാനാംബിക

(C) മാർത്താണ്ഡവർമ്മ (D) ബാലൻ

84. ചേരരാജാക്കന്മാരുടെ ശാസനങ്ങളിൽ ഏറ്റവും പഴയത് ഏതാണ്?

(A) തരിസാപ്പള്ളി ശാസനം (B) മാമ്പള്ളി ശാസനം

(C) വെള്ളായണി ശാസനം (D) വാഴപ്പള്ളി ശാസനം

85. കേരള ഭാഷയെ 'സംസ്കൃതഹിമഗിരിഗളിതാ' എന്നു വിശേഷിപ്പിക്കുന്ന പദ്യശകലം ഉൾക്കൊള്ളുന്ന വ്യാകരണ ഗ്രന്ഥം ഏത്?

(A) കേരളകൗമുദി (B) നന്നൂൽ

(C) ലീലാതിലകം (D) പാണിനീയ പ്രദ്യോതം

86. കഥകളിയിൽ തന്റേടാട്ടം എന്ന പേരിൽക്കൂടി അറിയപ്പെടുന്ന സമ്പ്രദായമേത്?

(A) ചൊല്ലിയാട്ടം (B) പുറപ്പാട്

(C) കലാശം (D) ഇളകിയാട്ടം

87. ''ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കു, മങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതേ രസിപ്പിപ്പാനൊരിക്കലുമെളുതല്ല''
ഈ വരികൾ നമ്പ്യാരുടെ ഏതു കൃതിയിൽ നിന്നാണ് എടുത്തിട്ടുള്ളത്?

(A) ഘോഷയാത്ര (B) കുംഭകർണ്ണവധം

(C) സ്യമന്തകം (D) രുഗ്മിണീസ്വയംവരം

88. 'രാരിച്ചൻ എന്ന പൗരൻ' എന്ന സിനിമയുടെ തിരക്കഥാകൃത്ത് ആരാണ്?

(A) എം.ടി. വാസുദേവൻ നായർ (B) ഉറൂബ്

(C) വൈക്കം മുഹമ്മദ് ബഷീർ (D) ജോൺ എബ്രഹാം

89. ‘പത്താക്ക്’ (Petecao) എന്ന നാണയം ഏത് വൈദേശിക ശക്തിയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?

(A) ഡച്ച്
(B) ഫ്രഞ്ച്
(C) ഇംഗ്ലീഷ്
(D) പോർച്ചുഗീസ്

90. താഴെക്കൊടുത്തിരിക്കുന്നവയിൽ, സ്വതന്ത്ര ഇന്ത്യയിൽ വഴിനടപ്പവകാശത്തിനുവേണ്ടി നടന്ന സമരം ഏതാണ്?

(A) പാലിയം സമരം
(B) തളി സമരം
(C) വൈക്കം സത്യാഗ്രഹം
(D) ഗുരുവായൂർ സത്യാഗ്രഹം

91. താഴെക്കൊടുത്തിരിക്കുന്നവയിൽ മൂഴിക്കളം കച്ചവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനയേത്?

(1) ക്ഷേത്രവസ്തുക്കളുടെ ദുർവിനിയോഗവും ഊരാളന്മാരുടെ പ്രവൃത്തികളും നിയന്ത്രിക്കുന്നതിനുള്ള ശ്രമം

(2) മഹോദയപുരത്തെ ചേരരാജാക്കന്മാരുടെ ശാസനം

(3) കുലശേഖര കാലത്തു നിലവിലിരുന്ന നികുതി സമ്പ്രദായം

(4) ശാലകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്

(A) 4
(B) 3
(C) 2
(D) 1

92. ‘തോറ്റില്ല’ എന്ന നാടകത്തിന്റെ രചയിതാവ് ആര്?

(A) തകഴി ശിവശങ്കരപ്പിള്ള
(B) വൈക്കം മുഹമ്മദ് ബഷീർ
(C) എസ്.കെ. പൊറ്റെക്കാട്ട്
(D) പി. കേശവദേവ്

93. ‘സാധുജനപരിപാലനയോഗം’ സ്ഥാപിക്കപ്പെട്ട വർഷമേത്?

(A) 1921
(B) 1905
(C) 1910
(D) 1929

94. ഫോക്‌ലോർ എന്ന പദം ആദ്യം ഉപയോഗിച്ച ഗവേഷകൻ ആരാണ്?

(A) അലൻഡൻഡിസ്
(B) ജേക്കബ് ഗ്രിം
(C) വിൽഹെം ഗ്രിം
(D) വില്യം ജോൺ തോംസ്

95. നഗരം, നഗരാനുഭവങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ഫോക്‌ലോറുകളെ പരാമർശിക്കുന്നത് ഏത്?

(A) മെറ്റാ ഫോക്‌ലോർ
(B) ഫോക്‌ലോറിസം
(C) ചരിത്ര ഫോക്‌ലോർ
(D) അർബൻ ഫോക്‌ലോർ

96. താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഫോക്‌ലോറിന്റെ സവിശേഷതയായി കരുതപ്പെടാത്തത്?

(A) പരിണാമവിധേയത്വം
(B) വാമൊഴിവഴക്കം
(C) പാഠങ്ങളുടെ ബഹുലത
(D) സ്ഥാണുത്വം

97. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ആര്?

(A) ശ്രീനാരായണഗുരു
(B) ചട്ടമ്പി സ്വാമികൾ
(C) അയ്യാ വൈകുണ്ഠസ്വാമികൾ
(D) വാഗ്ഭടാനന്ദൻ

98. 'സദാരാമ' എന്ന സംഗീതനാടകത്തിന്റെ രചയിതാവ് ആര്?

(A) സി.വി. രാമൻപിള്ള
(B) ഇ.വി. കൃഷ്ണപിള്ള
(C) കെ.സി. കേശവപിള്ള
(D) കൈനിക്കര പത്മനാഭപിള്ള

99. കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാലയേത്?

(A) തിരുവനന്തപുരം പബ്ലിക് ലൈബ്രറി
(B) എറണാകുളം പബ്ലിക് ലൈബ്രറി
(C) ഏങ്ങണ്ടിയൂർ ഗ്രാമീണ വായനശാല
(D) സമസ്ത കേരള പുസ്തകാലയ സമിതി

100. 'ജനങ്ങളുടെ ആധ്യാത്മിക വിമോചനത്തിന്റെ ആധികാരികരേഖ' എന്ന് ക്ഷേത്രപ്രവേശന വിളംബരത്തെ വിശേഷിപ്പിച്ചതാര്?

(A) ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ
(B) ശ്രീനാരായണഗുരു
(C) മഹാത്മാഗാന്ധി
(D) സി. കേശവൻ

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**